## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32 6.3.2012-ൽ മറുപടിക്ക്.

## റെയിൽവേ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി:<br>ശ്രീ. എം.എ. ബേബി:<br>ശ്രീ. സി.കെ. സദാശിവൻ:<br>ശ്രീ. ജെയിംസ് മാത്യു: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റുകളിൽ വാഗ്ദാനം ചെയ്ത വികസന പ്രവർത്തനങ്ങളിൽ ഇനിയും നടപ്പിലാക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ വർഷങ്ങളിലെ റെയിൽവേ ബഡ്ജറ്റുകളിൽ വാഗ്ദാനം ചെയ്ത വികസന പ്രവർത്തനങ്ങളിൽ ഇനിയും നടപ്പിലാക്കാത്തതും സംസ്ഥാനത്തിലെ റയിൽവേ വികസനത്തിനായി ഇനിയും ചെയ്യേണ്ടതായ കാര്യങ്ങൾക്കും 2012-2013 ലെ കേന്ദ്ര റയിൽവെ ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് 2012 ഫെബ്രുവരി മാസം ബഹു. മുഖ്യമന്ത്രി വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. (അനുബന്ധം I ആയി ചേർത്തിട്ടുണ്ട്). |
| (ബി) | റെയിൽവേ ബഡ്ജറ്റിനു മുമ്പായി സംസ്ഥാനത്തെ എം.പി മാരുടെ കോൺഫറൻസിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി)യും (സി) യും | സംസ്ഥാനത്തിലെ റയിൽവേ വികസനത്തിനായി ചെയ്യേണ്ടുന്ന കാര്യങ്ങളെ ക്കുറിച്ച് 24.01.2012 ന് സംസ്ഥാനത്തിൽ നിന്നുമുള്ള എം.പിമാരുമായി നടത്തിയ ചർച്ചയെ തുടർന്ന് 2012-2013 ലെ കേന്ദ്ര റയിൽവെ ബഡ്ജറ്റിൽ അക്കാര്യങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് |
| (സി) | മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരെക്കണ്ട് ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിൽ എന്തെല്ലാം | | |

| | | | |
|---|---|---|---|
| - | കാര്യങ്ങളാണ് ആവശ്യപ്പെട്ടിരുന്നത് ; പ്രസ്തുത മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | 2012 ഫെബ്രുവരി മാസം ബഹു. മുഖ്യമന്ത്രി സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധം - I ആയി വയ്ക്കുന്നു. | |
| (ഡി) | കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയിൽ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ; | (ഡി) | 19.9.2011 - ൽ ബഹു. മുഖ്യമന്ത്രി കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയിൽ തീരുമാനമായ കാര്യങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (ഇ) | 2010-11 കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന് വാഗ്ദാനം ചെയ്ത മൂന്നു മെമു സർവ്വീസുകൾ ഇനിയും ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ? | (ഇ) | 19.9.2011 ന് സംസ്ഥാനം സന്ദർശിച്ച ബഹു. കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ യോഗത്തിൽ കപൂർത്തലയിലെ റെയിൽ കോച്ച് ഫാക്ടറിയിൽ നിന്നും റേക്കുകൾ ലഭ്യമാകുന്ന മുറക്ക് പാർലമെന്റിൽ മെമു സംബന്ധിച്ച് നല്കിയ ഉറപ്പുകളെല്ലാം നടപ്പിലാക്കുമെന്ന് റെയിൽവേ പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിലെ റെയിൽവെ വികസനത്തിനായി ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് 24.01.2012 ന് സംസ്ഥാനത്തിൽ നിന്നുമുള്ള എം.പിമാരുമായും നടത്തിയ ചർച്ചയെ തുടർന്ന് 2012-2013 ലെ കേന്ദ്ര റെയിൽവെ ബഡ്ജറ്റിൽ അക്കാര്യങ്ങൾക്ക് ആവശ്യമായ നീക്കിയിരിപ്പുകൾ വരുത്തുന്നതിനായി ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് 2012 ഫെബ്രുവരി മാസം ബഹു. മുഖ്യമന്ത്രി സമർപ്പിച്ച മെമ്മോറാണ്ടത്തിൽ 2010-11 കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന് വാഗ്ദാനം ചെയ്ത മൂന്നു മെമു സർവ്വീസുകൾ ഉടൻ ആരംഭിക്കേണ്ടതുണ്ടെന്നും പറഞ്ഞിട്ടുണ്ട്. |

അനുബന്ധം റെലെസ്റ്ററിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ